Draft #11 of File 12832/ADB3 SO/2019/REG SECT Approved by REGISTRAR (i/c) on 26-Sep-2019 04:18 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

15 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 12832/ADB3 SO/2019/REG SECT തീയതി: 26.09.2019

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- സർവകലാശാല ക്യാമ്പസിൽ നടത്തുന്ന ഭക്ഷണ വിതരണം ഉൾപ്പെടുന്ന പരിപാടികളിൽ ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസറുടെ മേൽനോട്ടം ഉറപ്പാക്കി അജൈവ വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നത് സംബന്ധിച്ച് :

സൂചന :- 1.28.05.2019 ലെ 12832/എ.ഡി.ബി.3 S.O./2019/Reg Sn നം പരിപത്രം
2.ബഹു .വൈസ്-ചാൻസലറുടെ 14.08.2019 ലെ ഉത്തരവ് .
3.24.08.2019 ലെ 26405/എ.ഡി.എ.3/3/ADMIN/ADMIN നം പരിപത്രം

സൂചന (1) പ്രകാരമുള്ള പരിപത്ര ത്തിലെ ചില കാര്യങ്ങൾ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിലേക്ക് താഴെ പറയും പ്രകാരം ഭേദഗതി വരുത്തി പരിപത്രം പുറപ്പെടുവിക്കുവാൻ ബഹു. വൈസ് ചാൻസലർ ഉത്തരവായി
സർവകലാശാലയിൽ സർക്കാർ /സർവകലാശാല ധനസഹായത്തോടെ സംഘടിപ്പിക്കപ്പെടുന്ന പരിപാടികളോടനുബന്ധിച്ച് ഭക്ഷണവിതരണം നടക്കുന്ന സ്ഥലങ്ങളിൽ 01 .06 .2017 ലെ 3301 /എസ് . ഒ / 006 / 2017 /ഭരണം പ്രകാരം നിരോധിക്കപ്പെട്ട അജൈവ വസ്തുക്കൾ പലപ്പോഴും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു . ഇത് കർശനമായി തടയുന്നതിന് ഇത്തരം പരിപാടികൾ സംഘടിക്കപ്പിക്കുകയും പരിപാടികൾക്ക് അനുമതി നൽകുകയോ ഫണ്ട് അനുവദിക്കുകയോ ചെയ്തുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുമ്പോൾ ബന്ധപ്പെട്ട സെക്ഷൻ ഓഫീസർമാർ /വകുപ്പ് അധ്യക്ഷന്മാർ താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കണമെന്ന് അറിയിക്കുന്നു

1 .സർവകലാശാല ക്യാമ്പസിൽ സംഘടിപ്പിക്കുന്ന ഭക്ഷണ വിതരണം ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികൾക്ക് പുനരുപയോഗിക്കാവുന്ന സ്റ്റീൽ / സിറാമിക്ക് /ഫൈബർ ഉപകരണങ്ങൾ പരമാവധി ഉപയോഗിക്കേ ണ്ടതാണ് .

2 .ടി.പരിപാടികളുമായി ബന്ധപ്പെട്ട് മുൻകൂർ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന പക്ഷം ,ബന്ധപ്പെട്ട സെക്ഷനുകൾ ടി. ഉത്തരവുകളുടെ പകർപ്പ് ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസർക്ക് കൂടി നൽകേണ്ടതാണ്

3.ടി.പരിപാടികളുടെ വരവ് -ചിലവ് കണക്കുകൾ ക്രമപ്പെടു ത്തുന്നതിനുള്ള അപേക്ഷയോടൊപ്പം മുൻകൂർ തുക കൈപ്പറ്റിയ ഉദ്യോഗസ്ഥർ പരിപാടി ഗ്രീൻ പ്രോട്ടോകോൾ നിബന്ധനകൾക്ക് വിധേയമായിട്ടാണ് സംഘടിക്കപ്പെട്ടത് എന്ന് വ്യക്തമാക്കുന്ന ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസറുടെ സാക്ഷ്യപത്രം കൂടി ഉൾപ്പെടുത്തേണ്ടതാണ് .

4 .ഭക്ഷണ വിതരണത്തിനായി അജൈവ വസ്തുക്കൾ ഉപയോഗിക്കേണ്ട സാഹചര്യം ഉണ്ടെങ്കിൽ ടി .വിവരം മുൻകൂട്ടി നോഡൽ ഓഫീസറെ അറിയിക്കേണ്ടതും അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം ഭക്ഷണ വിതരണം ക്രമീകരിക്കേണ്ടതുമാണ് .

സൂചന 1 പ്രകാരമുള്ള പരിപത്രം തദനുസരണം ഭേദഗതി ഭേദഗതി ചെയ്യുകയും സൂചന 2 പ്രകാരമുള്ള പരിപത്രം റദ്ദ് ചെയ്യുകയും ചെയ്തിരിക്കുന്നു ..

**ഡോ .കെ. സാബുകുട്ടൻ**

രജിസ്ട്രാർ (i/c)

സ്വീകർത്താവ്

1 .എല്ലാ സെക്ഷനുകൾ / ഡിപ്പാർട്ട്മെന്റുകൾ

2 .വൈസ് -ചാൻസലറുടെ / പ്രൊ -വൈസ് ചാൻസലറുടെ പി.എസ് .

3 .രജിസ്ട്രാർ / എഫ് .ഒ./ സി .ഇ .എന്നിവരുടെ പി.എസ് .

4 .ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസർ

5 .സെക്യൂരിറ്റി ഓഫീസർ

6 .കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ

Draft #11 of File 12832/ADB3 SO/2019/REG SECT Approved by REGISTRAR (i/c) on 26-Sep-2019 04:18 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം